തൃശൂർ മെത്രാ ... ഫ് കണ്ടകളും തുടങ്ങിയവരാണ് സമീപം

# മുസ്ലീം എഴുത്തു) നവീന രാമായണം

...ന്തം ലേഖകൻ

പാലക്കാട്, സെപ്റ്റം.24- അരനൂറ്റാണ്ടിനു മുമ്പ് തനി മലയാളഭാഷയിൽ രാമായണ കാവ്യമെഴുതിയ മുസ്ലീം കവിയെക്കുറിച്ചുള്ള വിവരങ്ങൾ പുറത്ത് വന്നിരിക്കുന്നു.

രാമായണത്തെ ഉപജീവിച്ച് ഇരുപതിനായിരത്തിലേറെ വരികളുള്ള ഈ കാവ്യം രചിച്ചത് പാലക്കാട് കരിപ്പോട് കെ.വി.കരുമൻ ഗുരുക്കളാണ്. പ്രശസ്തനായ ഒരു വൈദ്യൻ എന്ന നിലയിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. ഇസ്ലാമിക ഗ്രന്ഥങ്ങളിലെന്ന പോലെ ഹിന്ദുപുരാണങ്ങളിലും ഗുരുക്കൾ പാണ്ഡിത്യം നേടിയിരുന്നു.

'മലയാള രാമായണം' സ്വന്തം പണം മുടക്കി അച്ചടിച്ചെങ്കിലും സ്വസമുദായത്തിന്റെ എതിർപ്പ് കാരണം പുസ്തകം പ്രചാരത്തിൽ വന്നില്ലെന്നതാണ് സത്യം. തികച്ചും യാഥാസ്ഥിതികരായ ബന്ധുക്കൾ ഗുരുക്കളുടെ എഴുത്തിന് പലവിധ തടസങ്ങളും സൃഷ്ടിച്ചിരുന്നുവത്രെ. ഇ...ങ്ങൾ അവഗണിച്ചു കൊണ്ടു ഗു...ന്റെ സാഹിത്യ സപര്യയുമാ... പോവുക തന്നെ ചെയ്തു. ...ാട്ടു ...പരി ത്രം, ഹരിഹര പുത്ര മാഹ... പാ ലാഴി മഥനം, ഗണപതി ...ുട ങ്ങി 16 ലേറെ കൃതികൾ ക്കു...ൾ രചിച്ചു. പക്ഷെ സമുദായ...ം ഒഴിവാക്കാൻ വേണ്ടി ഇവ...ും അച്ചടിച്ച് പ്രസിദ്ധീക...ൻ അദ്ദേഹം തുനിഞ്ഞില്ല. മിക്ക...ും കൈയെഴുത്ത് പ്രതികളായി ...ക്കുകയാണുണ്ടായത്. ഗുരു... അനന്തരാവകാശികളായ കരി... കെ.വാവൻ ഗുരുക്കളും എ.ഷ... ഹമീദും നടത്തിയ ശ്രമങ്ങളുടെ ...മായി എല്ലാ കൈയെഴുത്ത് പ്രതി... കണ്ടെത്തിയിട്ടുണ്ട്.

ഇരുപതോളം രാമായണങ്ങൾ ...സ്സിരുത്തി പഠിച്ച ശേഷമാണ് ഗു...ക്കൾ തന്റെ നവീന രാമായണം കി...പ്പാട്ട് എഴുതിയതെന്ന് അവതാരികയിൽ പറയുന്നുണ്ട്. സംസ്കൃത പരിജ്ഞാനം ഇല്ലാത്ത സാധാരണ മലയാളികൾക്ക് കൂടി ആസ്വദിക്കാൻ കഴിയു...ന്ന രീതിയിലാണ് ഈ കൃതിയുടെ രചന. എഴുത്തച്ഛന്റെ ഗംഭീര ശൈലിയേക്കാൾ കുഞ്ചൻ നമ്പ്യാരുടെ ലളിത ശൈലിയാണ് ഗുരുക്കൾ പിന്തുടർന്നിരിക്കുന്നതെന്ന് കാണാം.



കെ.വി.കരുമൻ ഗുരുക്കൾ

ഗുരുക്കൾ 59-ാം വയസ്സിലാണ് നവീന രാമായണം കിളിപ്പാട്ട് എഴുതി പൂർത്തിയാക്കിയത്. ഈ കൃതി അച്ചടിച്ച് കിട്ടാൻ ഗ്രന്ഥ കർത്താവിന് മൂന്ന് വർഷം അത്യദ്ധ്വാനം ചെയ്യേണ്ടി വന്നു. സ്വന്തം പണവും സമയവും ചെലവഴിച്ച് കൊല്ലവർഷം 1112 ലാണ് പുസ്തകം അച്ചടിച്ചത്. യാഥാസ്ഥിതികരുടെ എതിർപ്പുകാരണം രാമായണ കോപ്പികൾ പ്രചരിച്ചില്ല. രാമായണ രചന ഗുരുക്കളെ ഒരു ശ്രീരാമ ഭക്തനാക്കിയോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പിൽക്കാല കൃതികൾ എല്ലാം 'ശ്രീരാമജയം' എന്ന മംഗളാചരണത്തോടെയാണ് ആരംഭിച്ചിരിക്കുന്നത്.

ശേഷം 3-ാം പേജിൽ കോളം 3

# നവീന രാമായണം

[illegible]നാം പേജിൽ നിന്നും തുടർച്ച

കബീറിന്റെ രാമായണവും മാലിക് മുഹമ്മദിന്റെ പത്മാവതിയും ഇസാഖ് സാഹിബിന്റെ ഭഗവത് ഗീതയുമല്ലാതെ മുസ്ലീംകൾ ഹിന്ദുപുരാണങ്ങളെ ഉപജീവിച്ച് രചിച്ച കൃതികൾ അപൂർവ്വമാണ്. മലയാളിയായ മുസ്ലീം അരനൂറ്റാണ്ട് മുൻപ് 'നവീന രാമായണം' എഴുതിയെന്ന സത്യം നമ്മുടെ സാഹിത്യ ചരിത്രത്തിൽ പരാമർശിക്കുന്നില്ല. ഇതു് ചരിത്രകാരന്മാരുടെ കുറ്റമല്ല. മുസ്ലീം സമുദായ അംഗമായ കരുമൻ ഗുരുക്കൾ ഗ്രന്ഥകർത്താവായതു് കൊണ്ടാണ് ഈ കാവ്യത്തിന് ദുർഗതി നേരിട്ടതു്. വലിയ എതിർപ്പുകളെ അവഗണിച്ചു കൊണ്ടാണ് അരനൂറ്റാണ്ടിന് ശേഷം വില്ലേജ് ജീവനക്കാരനായ ഷാഹുൽ ഹമീദ് നവീന രാമായണവുമായി രംഗത്ത് വന്നിരിക്കുന്നതു്. പാലക്കാട് വള്ളുവനാടൻ പ്രദേശങ്ങളിൽ പ്രചാരത്തിലുണ്ടായിരുന്ന തോൽപ്പാവക്കൂത്തിൽ നിന്ന് പ്രചോദനം നേടിയാവണം ഗുരുക്കൾ രാമകഥയിൽ ആകൃഷ്ടനായതെന്ന് ഈ ഗ്രന്ഥത്തെക്കുറിച്ച് പഠനം നടത്തുന്ന പ്രൊഫ.എം.ജി.ശശിഭൂഷൺ അഭിപ്രായപ്പെട്ടു.

ഗുരുക്കളുടെ 16 കൃതികളാണ് കണ്ടെത്തിയിരിക്കുന്നതു്. ഇവയിൽ നാലെണ്ണം മാത്രമാണ് അച്ചടിച്ചിട്ടുള്ളതു്. ബാക്കി 12 കൃതികളും കൈയെഴുത്ത് പ്രതികളാണ്. ഇവയെല്ലാം ഗുരുക്കൾ സ്വന്തം കൈപ്പടയിൽ ഭംഗിയായി എഴുതിവച്ചിട്ടുണ്ട്.